**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1145** **31-01-2024 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പുനർഗേഹം പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ഈ വർഷം ആവശ്യമായി വരുന്ന തുക എത്രയാണ്; നാളിതുവരെ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; | (എ) | പുനർഗേഹം പദ്ധതി പ്രകാരം 8845 കുടുംബങ്ങളെയാണ് ആദ്യ ഘട്ടമായി പുനരധിവസിപ്പിക്കേണ്ടത്. നിലവിൽ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ചവർക്കും ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾക്ക് തുടർ നിർമ്മാണം നടത്തുന്നതിനുള്ള ധനസഹായത്തിനും കൂടി ആനുകൂല്യം അനുവദിക്കുന്നതിന് 19.78 കോടി രൂപ ആവശ്യമാണ്. കൂടാതെ രജിസ്ട്രേഷൻ പൂർത്തീകരിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ച് ആദ്യഘട്ടത്തിലും ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡു ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിലും രണ്ടാം ഗഡു ആനുകൂല്യം സ്വീകരിച്ച ഗുണഭോക്താക്കൾ മൂന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിലുമാണ്. ആയതിലേക്ക് ഈ സാമ്പത്തികവർഷം തന്നെ 67.39 കോടി രൂപ ആവശ്യമാണ്. ഇത്തരത്തിൽ 2024 മാർച്ച് വരെയുള്ള ആകെ പ്രതീക്ഷിത ചെലവ് 87.17 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്.<br><br>പുനർഗേഹം പദ്ധതിയുടെ അടങ്കൽ 2450 കോടി രൂപയാണ്. ഇതിൽ 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതിക്കായി ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 113.75 കോടി രൂപയും ഉൾപ്പെടെ 363.75 കോടി രൂപ അനുവദിക്കുകയും 363.7 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ തുക വിതരണം നിലവിൽ എത്ര മാസമായി മുടങ്ങിക്കിടക്കുകയാണെന്ന് | (ബി) | നിലവിൽ പദ്ധതിയുടെ തുകവിതരണം ജില്ലകളിൽ നടന്നു കൊണ്ടിരിക്കുന്നു. പുനർഗേഹം പദ്ധതിയ്ക്കായി |

| | | | |
|---|---|---|---|
| | അറിയിക്കാമോ; | | നടപ്പുവർഷം ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുകയായ 20 കോടി രൂപ അനുവദിച്ചതിനു പുറമേ 10 കോടി രൂപകൂടി അധിക ധനാനുമതിയായി നൽകിയിട്ടുണ്ട്. |
| (സി) | പുനർഗേഹം പദ്ധതിക്ക് പണം അനുവദിക്കുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് ധന വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | പുനർഗേഹം പദ്ധതിക്ക് പണം അനുവദിക്കുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 14/11/2023 തീയതിയായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ഒരു കുറിപ്പ് നൽകിയിരുന്നു (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). ആയതിന്റെ അടിസ്ഥാനത്തിൽ 10 കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

5948082/2023

"ഭരണഭാഷ- മാതൃഭാഷ" കേരള സർക്കാർ

നമ്പർ.സി2/469/2023/മതുവ.
മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്
തിരുവനന്തപുരം
തീയതി: 14-11-2023

## കുറിപ്പ്

### വിഷയം: ഫിഷറീസ് വകുപ്പ്- ധന സഹായം കുടിശിക- സംബന്ധിച്ച്

ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് ധനസഹായം അനുവദിക്കുന്നതിന് ധനകാര്യവകുപ്പിൽ അടിയന്തരമായി നടപടി സ്വീകരിക്കേണ്ട 4 വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1) പുനർഗേഹം പദ്ധതി

പുനർഗേഹം പദ്ധതി പ്രകാരം നിലവിൽ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടിയ 723 ഗുണഭോക്താക്കളിൽ 219 പേർ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും പദ്ധതി ആനുകൂല്യത്തിനായി കാത്തിരിക്കുകയും ചെയ്യുന്നു. കൂടാതെ ഇതിനകം ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ച 310 കുടുംബങ്ങൾ തുടർ നിർമ്മാണം നടത്തുന്നതിനുള്ള ധനസഹായത്തിനായി കാത്തിരിക്കുന്നു. ഇവർക്ക് ആനുകൂല്യം അനുവദിക്കുന്നതിന് **19.78 കോടി രൂപ** ആവശ്യമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | അടിയന്തരമായി ആവശ്യമായ തുക (ലക്ഷത്തിൽ) | | | | |
|---|---|---|---|---|---|
| | രജിസ്ട്രേഷൻ കഴിഞ്ഞ വസ്തു/വീടിന്റെ വില | | ഭവന നിർമ്മാണ ഘട്ടങ്ങൾ | | ആകെ |
| | എണ്ണം | തുക | എണ്ണം | തുക | |
| തിരുവനന്തപുരം | 96 | 560.81 | 139 | 329.6 | 890.41 |
| കൊല്ലം | 19 | 134.23 | 11 | 15.81 | 150.04 |
| ആലപ്പുഴ | 13 | 77.77 | 48 | 89.19 | 166.89 |
| എറണാകുളം | 7 | 56.1 | 18 | 27 | 83.1 |
| തൃശ്ശൂർ | 36 | 129.89 | 23 | 35.05 | 164.94 |
| മലപ്പുറം | 15 | 74 | 35 | 66.44 | 140.44 |
| കോഴിക്കോട് | 4 | 18.93 | 5 | 11.07 | 30 |
| കണ്ണൂർ | 1 | 6 | 2 | 3.2 | 9.2 |

| | | | | | |
|---|---|---|---|---|---|
| കാസർഗോഡ് | 28 | 260.4 | 39 | 83.484 | 343.884 |
| **ആകെ** | **219** | **1318.06** | **310** | **660.844** | **1978.904** |

പുനർഗേഹം- വ്യക്തിഗത ഭവന നിർമ്മാണം ജില്ല തിരിച്ചുള്ള ഫണ്ട്
അനിവാര്യത (തുക ലക്ഷം രൂപ)

തിരുവനന്തപുരം

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | വ്യക്തിഗത ഭവനം/ സ്റ്റേജ് | 139 | 329.6 |
| 2 | ഭൂമി/ഭവനം വില | 96 | 560.81 |
| | **ആകെ** | | **890.41** |

കൊല്ലം

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | വ്യക്തിഗത ഭവനം/ സ്റ്റേജ് | 11 | 15.81 |
| 2 | ഭൂമി/ഭവനം വില | 19 | 134.23 |
| | **ആകെ** | | **150.04** |

ആലപ്പുഴ

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | വ്യക്തിഗത ഭവനം/ സ്റ്റേജ് | 48 | 89.19 |
| 2 | ഭൂമി/ഭവനം വില | 13 | 77.7 |
| | **ആകെ** | | **166.89** |

എറണാകുളം

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | വ്യക്തിഗത ഭവനം/ സ്റ്റേജ് | 18 | 27 |
| 2 | ഭൂമി/ഭവനം വില | 7 | 56.1 |
| | **ആകെ** | | **83.1** |

തൃശ്ശൂർ

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | വ്യക്തിഗത ഭവനം/ സ്റ്റേജ് | 13 | 35.05 |
| 2 | ഭൂമി/ഭവനം വില | 36 | 129.89 |
| | **ആകെ** | | **164.94** |

മലപ്പുറം

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | വ്യക്തിഗത ഭവനം/ സ്റ്റേജ് | 35 | 66.44 |
| | | | |

| | | | |
|---|---|---|---|
| 2 | ഭൂമി/ഭവനം വില | 15 | 74.0 |
| | **ആകെ** | | **140.00** |

കോഴിക്കോട്

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | വ്യക്തിഗത ഭവനം/ സ്റ്റേജ് | 5 | 11.07 |
| 2 | ഭൂമി/ഭവനം വില | 4 | 18.93 |
| | **ആകെ** | | **30.0** |

കണ്ണൂർ

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | വ്യക്തിഗത ഭവനം/ സ്റ്റേജ് | 2 | 3.2 |
| 2 | ഭൂമി/ഭവനം വില | 1 | 6.0 |
| | **ആകെ** | | **9.2** |

കാസർഗോഡ്

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | വ്യക്തിഗത ഭവനം/ സ്റ്റേജ് | 39 | 83.484 |
| 2 | ഭൂമി/ഭവനം വില | 28 | 260.4 |
| | **ആകെ** | | **343.884** |

<u>പുനർഗേഹം പദ്ധതി കോ-ഓർഡിനേറ്റർ/മോട്ടിവേറ്റർ വേതനം (ആവശ്യമായ തുക)</u>

| | | |
|---|---|---|
| 1 | 2023 ജൂലൈ മുതൽ ഒക്ടോബർ 2023 വരെയുള്ള വേതനം | 0.33 കോടി |
| 2 | 2023 നവംബർ മുതൽ 2024 ഫെബ്രുവരി വരെയുള്ള വേതനത്തിന് ആവശ്യമായ തുക | 0.31 കോടി |
| ആകെ | | 0.64 കോടി |

<u>പുനർഗേഹം പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിലേക്ക് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലുകളുടെ വിവരം</u>

| ക്രമ നം. | വിഷയം | ഫയൽ നം./കമ്പ്യൂട്ടർ നമ്പർ | നിലവിലെ സ്ഥിതി (10.11.2023) |
|---|---|---|---|
| | അടിയന്തരമായി അനുവദിക്കേണ്ട 19.78 കോടി രൂപയും ഫ്ലാറ്റുകളുടെ നിർമ്മാണ ബില്ലുകൾ | 2539932 | |

| | | | |
|---|---|---|---|
| 1 | തീർപ്പാക്കുന്നതിന് 15.19 കോടി രൂപയും ചേർത്ത് 34.97 കോടി രൂപ അധിക ധനാനുമതി ആവശ്യപ്പെട്ടത് സംബന്ധിച്ച് | (C2/416/2023/F&P | WCD 2 - Finance |
| 2 | ബഡ്ജറ്റ് വിഹിതം 9.698 കോടി രൂപ റിലീസ് ചെയ്യുന്നതിന് സീലിംഗ് പരിധി ഉയർത്തുന്നത് സംബന്ധിച്ച് | 2416484 | Finance Budget Wing |

<u>ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപെട്ട് അനുവദിക്കേണ്ട ബിൽ തുക</u>

| | |
|---|---|
| മുട്ടത്തറ ഫ്ലാറ്റ് | 10 കോടി |
| കോഴിക്കോട് വെസ്റ്റ് ഹിൽ | 1.8 കോടി |
| പൊന്നാനി | 1.39 കോടി |
| കോയിപ്പാടി | 2 കോടി |
| ആകെ | 15.19 കോടി |

2) <u>വിദ്യാഭ്യാസ ധനസഹായം</u>

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യുന്നതിനുവേണ്ടി നോൺ-പ്ലാൻ ഇനത്തിൽ 25 കോടി രൂപ അനുവദിച്ചു. ടി തുക പൂർണ്ണമായും ചെലവഴിച്ചു. വിദ്യാഭ്യാസ ആനുകൂല്യം കുടിശ്ശിക തീർത്തു അനുവദിക്കുന്നതിന് 53.91 കോടി രൂപയുടെ പ്രൊപ്പോസൽ 2405-00-121-97-00-12-00-NV എന്ന ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേനെ 53.91 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ആണ്. (C2/445/2023/F&P). ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | പോസ്റ്റ് മെട്രിക് ആനുകൂല്യം വിതരണം വിതരണം ചെയ്യാൻ ഗ്രാന്റ്സ് സോഫ്റ്റ് വെയർ നിലവിൽ ആവശ്യമായ തുക (ലക്ഷത്തിൽ) | പോസ്റ്റ് മെട്രിക് ആനുകൂല്യം വിതരണം വിതരണം ചെയ്യാൻ 2023-24 വർഷം ആവശ്യമുള്ള തുക (ലക്ഷത്തിൽ) | പ്രീമെട്രിക് ആനുകൂല്യം വിതരണം വിതരണം ചെയ്യാൻ ആവശ്യമായ തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|---|
| തിരുവനന്തപുരം | | 900 | 169 | |
| കൊല്ലം | | 600 | 40 | |
| പത്തനംതിട്ട | | 75 | 0 | |
| ആലപ്പുഴ | | 400 | 98.2 | |
| കോട്ടയം | | 100 | 1 | |

| | | | | |
|---|---|---|---|---|
| ഇടുക്കി | 1091 | 75 | 0 | |
| എറണാകുളം | | 500 | 82 | |
| തൃശ്ശൂർ | | 50 | 7 | |
| പാലക്കാട് | | 100 | 0 | |
| മലപ്പുറം | | 350 | 300 | |
| കോഴിക്കോട് | | 100 | 75 | |
| വയനാട് | | 100 | 0 | |
| കണ്ണൂർ | | 75 | 15 | |
| കാസർഗോഡ് | | 75 | 13 | |
| ആകെ | 1091 | 3500 | 800.2 | 5391 |

3) <u>മത്സ്യമേഖല അടിസ്ഥാന സൗകര്യവികസനം.</u>

മത്സ്യമേഖലയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകൾ, ആശുപത്രികൾ, കളിസ്ഥലങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 4405-00-103-93 (പി) എന്ന ശീർഷകത്തിൽ 15 കോടി രൂപ വകയിരുത്തിയിരുന്നു. ടി തുകയിൽ 12.2599383 കോടി രൂപ നിർമ്മാണം നടത്തിയ കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. 4405-00-103-93-P-V പ്ലാൻ ശീർഷകത്തിലെ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കുന്ന തരത്തിൽ സീലിംഗ് ഒഴിവാക്കി നൽകുന്നതിലേക്കായി ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ പൊന്നാനി ഫ്ലാറ്റ് മാലിന്യ നിർമാർജന പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിലേക്ക് 28.22 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിലേക്കായി 4405-00-103-93 PV എന്ന ശീർഷകത്തിന്റെ സീലിംഗ് പരിധി 84.42% ആയി ധനകാര്യ വകുപ്പ് വർധിപ്പിച്ചിട്ടുണ്ട്. 4405-00-103-03 (പ്ലാൻ) ശീർഷകത്തിലെ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിക്കുന്ന തരത്തിൽ സീലിംഗ് ഒഴിവാക്കി നൽകേണ്ടതുണ്ട്.

4) <u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷൻ</u>

2023 ജൂലൈ മാസം മുതൽ ഒക്ടോബർ മാസം വരെ പ്രതിമാസം 1600/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരവും ഗുണഭോക്താക്കളുടെ എണ്ണവും മേഖല തിരിച്ച് ചുവടെ ചേർക്കുന്നു.

| Districts | FM | Amount | WP | Amount | AW | Amount | Total | Amount |
|---|---|---|---|---|---|---|---|---|
| Thiruvananthapuram, Kollam | 11636 | 74470400 | 2286 | 14630400 | 2052 | 13132800 | 15974 | 1022336 |
| Alappuzha, Kottayam, Pathanamthitta | 13837 | 88556800 | 1797 | 11500800 | 1835 | 11744000 | 17469 | 1118016 |
| Ernakulam, Thrussur, I | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| dukki, Palakkad | 8815 | 56416000 | 1411 | 9030400 | 2578 | 16499200 | 12804 | 8194560 |
| Kozhikkode, Malappuram, | 4677 | 29932800 | 1965 | 12576000 | 1360 | 8704000 | 8002 | 5121280 |
| Kannur, Kasargode, Wayanad | 2547 | 16300800 | 790 | 5056000 | 345 | 2208000 | 3682 | 2356480 |
| TOTAL | 41512 | 265676800 | 8249 | 52793600 | 8170 | 52288000 | 57931 | 3707584 |

മേൽ പരാമർശിച്ചിട്ടുള്ളതിൽ പുനർഗേഹം, വിദ്യാഭ്യാസ ധനസഹായം, ക്ഷേമനിധി ബോർഡ് പെൻഷൻ എന്നീ ഇനങ്ങളിലാണ് നിലവിൽ അടിയന്തരമായി തുക അനുവദിക്കേണ്ടത്. ഇവയെല്ലാം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ളതാണ്. കൂടാതെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർമാർക്കുള്ള തുക അനുവദിക്കേണ്ടതുള്ളതിനാൽ 4405-00-103-03 (പ്ലാൻ) ശീർഷകത്തിലെ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിക്കുന്ന തരത്തിൽ സീലിംഗ് ഒഴിവാക്കി നൽകേണ്ടതുണ്ട്. അടിയന്തര സാഹചര്യം പരിഗണിച്ച് പുനർഗേഹം പദ്ധതിയ്ക്ക് 19.78 കോടി രൂപയും വിദ്യാഭ്യാസ ധനസഹായത്തിന് 10 കോടി രൂപയും ഉടൻ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Signed by K S Srinivas
Date: 15-11-2023 19:51:25
Reason: Approved AS
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്